# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **443**

2 9.06.2015- ലെ മറുപടിക്ക്

## സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; | (എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ /ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം. ആർ.ടി.ജി.എസ് , എൻ.ഇ.എഫ്. റ്റി മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം , വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് , ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലാ ബാങ്കുകൾ സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. NAFCUB ന്റെ നിർദ്ദേശ പ്രകാരവും, സ്വന്തമായും 24 ഓളം അർബൻ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ളവയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്ക് , ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം സംവിധാനം , സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി ഇതുവരെ 88 സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കായി ആകെ 936.36 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. ടി സംവിധാനം നടപ്പിൽ വരുത്തുമ്പോൾ പൊതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമായ സംഘങ്ങൾ/ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകാറുണ്ട്.

സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ 31.03.2014-ൽ 4% മൂലധന പര്യാപ്തത കൈവരിക്കണമെന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിഷ്കർഷിച്ചിരുന്ന സാഹചര്യത്തിൽ ആയത് കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്ക്, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾക്കുമായി സർക്കാർ ഓഹരി മൂലധനമായി 106.39 കോടി രൂപ അനുവദിക്കുന്നതിന് ഈ സർക്കാർ പ്രത്യേക പദ്ധതി നടപ്പാക്കുകയുണ്ടായി.

ബി) സഹകരണ ബാങ്കുകൾ വഴി കാർഷിക മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കിയ വായ്പാ പദ്ധതികൾ എന്തെല്ലാം ?

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവരുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്ന ഉത്തേജന പലിശ ഇളവ് വായ്പാ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് അവരുടെ പലിശ ബാദ്ധ്യത ഈ പദ്ധതി പ്രകാരം സർക്കാർ വഹിക്കുകയും പ്രസ്തുത വായ്പ പലിശ രഹിത വായ്പയായി മാറുകയും ചെയ്യുന്നതാണ് ഈ വായ്പ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നെൽകർഷകർ നെൽകൃഷിക്കായി എടുക്കുന്ന കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ പ്രസ്തുത വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ നൽകുന്നു. ഇതു കൂടാതെ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കർഷകർക്ക് കോഴി/താറാവ്/മത്സ്യം വളർത്തുന്നതിനും, ആട്, മാട് വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

Aryayan

സെക്ഷൻ ഓഫീസർ